കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി.2/202/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,

തീയതി:15.03.2019

Phone No: 0471-2331231

Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1), ചട്ടം 20, 23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) , (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം

(ഉപരിപത്രം സഹിതം).

3) ഓഫീസ് കോപ്പി) 4)സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി.2/202/2019 തീയതി: 15.03.2019

## തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനുശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.മുഹമ്മദ് നിസാർ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.01.2019മുതൽ 02.02.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ.സാബു.ജി,<br>ഓഡിറ്റ് ഓഫീസർ |
| | 2. ശ്രീമതി.സ്വപ്ന.ആർ.കെ,<br>അസി. ഓഡിറ്റ് ഓഫീസർ |
| | 3. ശ്രീ.ശരത്.ജെ.ശങ്കർ (ഓഡിറ്റർ) |

(1) നിർവ്വഹണാധികാരികളുടെ വിവരങ്ങൾ

| പേര് | | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ആർ. സുഭാഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ജയകുമാർ | 01.04.2017 മുതൽ 25.04.2017വരെ |
| | ശ്രീ.കെ.അജികുമാർ | 26.04.2017 മുതൽ 31.05.2017വരെ |

| | | |
|---|---|---|
| | ശ്രീ. ജയകുമാർ | 01.06.2017 മുതൽ 31.07.2017 വരെ |
| | ശ്രീ. എൽ.ലെനിൻ | 01.08.2017 മുതൽ 30.08.2017വരെ |
| | ശ്രീ.വിഷ്ണു മോഹൻദേവ് | 31.08.2017 മുതൽ 31.03.2018വരെ |

(2) നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.എക്സി.എഞ്ചിനീയർ, LSGD | ശ്രീ.റ്റി.ആർ. സാം വിദ്യാനാഥ് | 1.04.2017 മുതൽ 10.05.2017വരെ |
| | ശ്രീമതി.റാണി.ജി | 11.05.2017 മുതൽ 24.06.2017വരെ |
| | ശ്രീമതി.പ്രസന്ന ഭാസി | 26.06.2017 മുതൽ 23.07.2017 വരെ |
| | ശ്രീ.റ്റി.ആർ. സാം വിദ്യാനാഥ് | 24.07.2017 മുതൽ 06.09.2017 വരെ |
| | ശ്രീ.ശ്യാം.ജി | 07.09.2017 മുതൽ 06.11.2017വരെ |
| | ശ്രീമതി. പ്രസന്നഭാസി | 07.11.2017 മുതൽ 08.11.2017 വരെ |
| | ശ്രീമതി.ഷീല.വി.കെ | 09.11.2017മുതൽ 31.03.2018വരെ |
| കൃഷി അസി.ഡയറക്ടർ | ശ്രീമതി.രേഖ | 01.04.2017 മുതൽ 02.04.2017വരെ |
| | ശ്രീ.രാജു | 03.04.2017മുതൽ 31.03.2018വരെ |
| C.D.P.O | ശ്രീമതി.കല.ആർ | 01.04.2017 മുതൽ 03.11.2017വരെ |
| | ശ്രീമതി.സജിത.എസ് | 04.11.2017മുതൽ 31.01.2018വരെ |
| | ശ്രീമതി.ജെസ്സി മാനെറ്റ് | 01.02.2018 മുതൽ 15.02.2018വരെ |

| | | |
|---|---|---|
| | | |
| | ശ്രീമതി. സജിത. എസ്. | 16.12.2018 മുതൽ 20.02.2018 വരെ |
| | ശ്രീമതി.സുധാദേവി | 21.02.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ CHCഅഞ്ചുതെങ്ങ് | ഡോ.ശ്യാംജി. വോയിസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| സൂപ്രണ്ട്, ചിറയിൻകീഴ് താലൂക്ക് ആശുപത്രി | ഡോ.ഷബ്ല | 01.04.2017 മുതൽ 31.03.2018 വരെ |
| ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഗൗരി.പി | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.സണ്ണിക്കുട്ടി.വി.സി. | 01.04.2017മുതൽ 10.05.2017വരെ |
| | ശ്രീമതി.സെറിൻ.ഐ.ആർ | 11.05.2017മുതൽ 01.06.2017വരെ |
| | ശ്രീ.പ്രസാദ്.കെ | 02.06.2017മുതൽ 31.03.2018വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |

| | | | |
|---|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം 2 | | | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 | |
| 14 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-2 | |
| 15 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയില്ല 1,502/- രൂപയുടെ നഷ്ടം | 2-3 | |
| | ഭാഗം 3 | | |
| 16 | ചെലവ് രേഖകൾ ഹാജരാക്കിയില്ല 52,750/- രൂപ തടസ്സപ്പെടുത്തുന്നു | 3-1 | |
| 17 | പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു | 3-2 | |
| 18 | പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല.കരാറുകാരിൽ നിന്നും പിഴ ഈടാക്കിയതിൽ കുറവ് . | 3-3 | |
| 19 | കരാർ ചമക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല | 3-4 | |
| 20 | രജിസ്റ്ററുകൾ തൃപ്തികരമായി പരിപാലിക്കുന്നില്ല | 3-5 | |
| 21 | ആസ്തിരജിസ്റ്റർ പരിപാലനം കാലികമാക്കണം | 3-6 | |
| 22 | സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം - വിനിയോഗസാക്ഷ്യപത്രമില്ല | 3-7 | |
| 23 | നിക്ഷേപ പ്രവൃത്തികൾ- വിനിയോഗവിവരങ്ങൾ ലഭ്യമല്ല | 3-8 | |
| 24 | ബ്ലോക്ക് ഓഫീസിന് സൗരോർജ്ജ പാനൽ - പദ്ധതി ലക്ഷ്യം അകലെ | 3-9 | |
| 25 | പ്ലാസ്റ്റിക്ക് മാലിന്യ നിർമാർജ്ജനം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല - വികസനഫണ്ട് നഷ്ടമായി | 3-10 | |
| 26 | താലൂക്ക് ആശുപത്രി- വൈദ്യുത ചാർജ്ജിനത്തിൽ ഭീമമായ കുടിശ്ശിക | 3-11 | |

| | | | |
|---|---|---|---|
| 27 | ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-12 | |
| 28 | ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ - രേഖകൾ ഹാജരാക്കിയില്ല. 2,07,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-13 | |
| 29 | പാലിയേറ്റീവ് പരിചരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-14 | |
| 30 | സി.എച്ച്.സി. യ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 3-15 | |
| 31 | ചിറയിൻകീഴ് ആശുപത്രിക്ക് മരുന്നുവാങ്ങൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-16 | |
| 32 | താലൂക്ക് ആശുപത്രി അടിസ്ഥാന സൗകര്യവികസനം-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-1,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-17 | |
| 33 | വാട്ടർ ചാർജ്ജ് ഒടുക്കുന്നതിൽ കാലതാമസം-പിഴപ്പലിശ ഒടുക്ക് വരുത്തി | 3-18 | |
| 34 | സ്വയം തൊഴിൽ സംരഭക ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-19 | |
| 35 | കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നില്ല. | 3-20 | |
| 36 | സി.എച്ച്.സി.ക്ക് ഉപകരണങ്ങൾ വാങ്ങൽ-അധികം നൽകിയത് | 3-21 | |
| 37 | പദ്ധതി മോണിട്ടറിംഗ് അനിവാര്യം. | 3-22 | |
| | ഭാഗം 4 | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ) | 4-1 | |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ) | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 41 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |

| | | | |
|---|---|---|---|
| 45 | ചാർജ്ജ്/സർചാർജ്ജ് നടപടി വിവരങ്ങൾ | 4-8 | |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 48 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബഡ്ജറ്റ് 28.3.2017 ലെ I-ാം തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 75,07,70,379/- രൂപയും, പ്രതീക്ഷിത ചെലവ് 70,28,12,050/- രൂപയും നീക്കിയിരിപ്പ് 4,79,58,329/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 28.07.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 05.10.2018 -06.10.2018 | കെ.എസ്.എ.റ്റി.വി.എം.ബി.പി.2250/2018 തീയതി 08.11.2018 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയുയെ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,28,42,629/- |
| വരവ് | 10,31,31,358/- |
| ആകെ | 14,59,73,987/- |
| ചെലവ് | 11,04,18,490/- |

| | |
|---|---|
| നീക്കിയിരിപ്പ് | 3,55,55,497/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 30782105 | 30782105 | 30782105 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 18823867 | 18823867 | 18823867 | 0 |
| റ്റി.എസ്.പി | 0 | 9000 | 9000 | 9000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 3550059 | 3550059 | 3550059 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി റ്റി.എസ്.ബി) | 4757984 | 3582000 | 8339984 | 7482079 | 857905 |
| തനത് ഫണ്ട് | 2070680 | 40517451 | 42588131 | 40177937 | 2410194 |
| ഐ.എ.വൈ (ഐ.ഓ.ബി) | 32376359<br>3630764 | 5866876 | 41873999 | 9593443 | 28756395<br>3524161 |
| വാട്ടർ ഷെഡ് മാനേജ്മെന്റ് പ്രോഗ്രാം | 6842 | 0 | 6842 | 0 | 6842 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | CDPO | 5 | 2469900 | 5 | 2368750 | - | - | 100 |
| 2 | സെക്രട്ടറി | 28 | 25258206 | 25 | 21626403 | 2 | 1 | 89 |
| 3 | പട്ടികജാതി വികസന ഓഫീസർ | 2 | 6355100 | 2 | 6355100 | - | - | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | സൂപ്രണ്ട്, ചിറയിൻകീഴ് താലൂക്ക് ആശുപത്രി | 5 | 3800000 | 3 | 3471457 | 2 | - | 60 |
| 5 | മെഡിക്കൽ ഓഫീസർ-CHCഅഞ്ചുതെങ്ങ് | 3 | 1100000 | 3 | 1095724 | - | - | 100 |
| 6 | കൃഷി അസി.ഡയറക്ടർ | 3 | 478400 | 3 | 329950 | - | - | 100 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3425000 | 2 | 2550000 | 1 | - | 67 |
| 8 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 36 | 28507065 | 22 | 15057272 | 13 | 1 | 61 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ഓഡിറ്റ് വേളയിൽ വരവുകളൊന്നുമില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

ഭരണസമിതി ഓഫീസ് മീറ്റിംഗ് വിളിച്ച ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച നൽകുകയും ചെയ്യുന്നുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ് ഓഫീസ് പ്രവർത്തനം രേഖകൾ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല കേരള പഞ്ചായത്ത് രാജ് സെക്ഷൻ 162a-b1(i) പ്രകാരം അനുവദിച്ച് നല്കിയിട്ടുള്ളത്. പ്രസ്തുത കടമ നിർവഹിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. ചെലവുകൾക്ക് വൗച്ചറുകളും സബ് വൗച്ചറുകളും കൃത്യമായി സൂക്ഷിക്കേണ്ടതിൽ അപാകങ്ങൾ നിലനിൽക്കുന്നു. സാംഖ്യാധിഷ്ഠിത അക്കൗണ്ടിംഗ് രീതി അനുസരിച്ച് പേയ്മെന്റ് ഓർഡർ തയ്യാറാക്കി വൗച്ചർ നം.രേഖപ്പെടുത്തിയ പ്രിന്റ് ഔട്ടോ, വൗച്ചർ നം. മാന്വൽ ആയി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ധനകാര്യ ഇടപാടുകൾ രേഖപ്പെടുത്താൻ ക്യാഷ് വൗച്ചർ, ബാങ്ക് വൗച്ചർ, ജേർണൽ വൗച്ചർ, കോൺട്രാ വൗച്ചർ എന്നിവ പ്രത്യേകം നമ്പറിട്ട് സാക്ഷ്യപ്പെടുത്തിയും ബില്ലുകൾ/ഇൻവോയ്സുകൾ ക്യാൻസൽ

ചെയ്യും സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സുതാര്യമായ ധനകാര്യമാനേജ്മെന്റ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ പഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. ചെലവുകൾക്ക് വൗച്ചറുകളും സബ് വൗച്ചറുകളും കൃത്യമായി സൂക്ഷിക്കേണ്ടതതിൽ അപാകങ്ങൾ നിലനില്ക്കുന്നു. വരവുകളൊന്നും തന്നെ പ്രിന്റഡ് രസീതിയിലല്ല സ്വീകരിക്കുന്നത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.11.2018-15.11.2018 | 2017-18 | 29.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.08.2016- 09.08.2016 | 1.7.2014-31.7.2016 | 5.9.2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷികധനകാര്യ പത്രിക പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള അപാകതകൾ കൂടാതെ, പി.എം.എ.വൈ അക്കൗണ്ട് ആയ ആറ്റിങ്ങൽ IDBI അക്കൗണ്ട് (നം.47287) 2017-18ലെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന അപാകത കൂടി നിലനില്ക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ബ്ലോക്ക്പഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2016ഡിസംബർ 15-ന് മുൻപ് | ബജറ്റ് പ്രപ്പോസൽ ആവശ്യപ്പെട്ടിട്ടില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ | 2017ജനവരി | ഘടകസ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 15-ന് മുൻപ് | സമർപ്പിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017ജനവരി 25-ന് മുൻപ് | 08.02.2017 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | 07.03.2017 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | 07.03.2017 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 24.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | പ്രത്യേക കമ്മിറ്റി ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 28.03.17 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ബ്ലോക്ക്പഞ്ചായത്ത് ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെടുകടുകയോ സ്ഥാപനങ്ങൾ ശുപാർശ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയും, ഘടകസ്ഥാപനങ്ങളുടെ ആവശ്യകതാ നിർണ്ണയം പോലും നടത്താതെയാണ് ബജറ്റ് തയ്യാറാക്കിയത്. സാംഖ്യാ അധിഷ്ഠിത ഫംഗ്ഷൻ-ഫംഗ്ഷണറി അടിസ്ഥാനത്തിലല്ല പഞ്ചായത്ത് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ഓരോ ഇനങ്ങൾക്കും ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 2-2 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ്

എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ബ്ലോക്ക്പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം 26 പ്രവർത്തികൾക്കായി ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കേണ്ട തുകയായ 1,01,400/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് വരുന്നതായി ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (4/24.01.2019) അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 2-3 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയില്ല 1502/- രൂപയുടെ നഷ്ടം

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും 1,50,213/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. പ്രസ്തുത തുകയുടെ ഒരു ശതമാനമായ 1,502/- രൂപ തിരികെ ഈടാക്കി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെലവ് രേഖകൾ ഹാജരാക്കിയില്ല 52,750/- രൂപ തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്നവയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | വൗച്ചർ നം. | ചെക്ക് നം./ തീയതി | വിഷയം | തുക |
|---|---|---|---|---|
| 1 | 03/17-18 | നം.2368934 12.04.2017 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 29,950/- |
| 2 | 91/17-18 | നം.2544642 02.11.2017 | വാഹനത്തിന്റെ ടയർ മാറ്റൽ | 22,800/- |
| ആകെ | | | | 52,750/- |

ചെലവുരേഖകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/01.02.2019, 22/02.01.2019 എന്നിവയുടെ മറുപടിയിൽ, രേഖകൾ ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് രേഖകളുടെ അഭാവത്തിൽ 52,750/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പ്രവൃത്തിയുടെ പേര്-പാലകുന്ന് ഈഞ്ചക്കൽ റോഡ് നവീകരണം

പ്രോജക്ട് നം-84/18

അടങ്കൽ തുക- 5,00,000/-(വി.ഫ)

പ്രസ്തുത പ്രവർത്തിയുടെ ഫയൽ, എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ 03.05.2017-ൽ പ്രവൃത്തി പൂർത്തീകരിച്ചതായും 04.05.2017ൽ ചെക്ക് മെഷർ ചെയ്തതായും കാണുന്നു. എന്നാൽ 30.05.2017 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ II(2)-ാം നമ്പർ തീരുമാനപ്രകാരമാണ് അടങ്കൽ തുകയിൽ അധികമാകാതെ പ്രവൃത്തി റിവൈസ് ചെയ്യുന്നതിന് അനുമതി നൽകി AEE യെ ചുമതലപ്പെടുത്തിയത്. പ്രവൃത്തി പൂർത്തീകരിച്ചശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മരാമത്ത് ചട്ടങ്ങളുടെ ലംഘനമാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യമാണ്.

## 3-3 പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല, കരാറുകാരിൽ നിന്നും പിഴ ഈടാക്കിയതിൽ കുറവ്.

പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതെ കാലതാമസം വരുത്തുന്നതിന് കരാറുകാരിൽ നിന്നും PAC യുടെ നിശ്ചിത ശതമാനമാണ് പിഴ ഈടാക്കേണ്ടത് എന്ന് 2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112-1-ൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയിരിക്കുന്നത് Total value of work done-ന്റെ നിശ്ചിത ശതമാനമാണ്. ആയതിനാൽ കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്/അടങ്കൽ | ബിൽ നം.തീ | PAC | കരാറുകാരൻ | ഈടാക്കിയ പിഴ | ഈടാക്കേണ്ട പിഴ | കുറവ്/ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | പുളിമൂട്ടിൽ കടവ് കടന്ത്വാ റോഡ്-79/18 480103(വി.ഫ) | 29/17-18 31.03.18 4,64,016/- | 480103 | രാജേന്ദ്രൻ പിള്ള | 13920 (3%) | 14403 | 483 |
| 2 | അഞ്ചുതെങ്ങ് സി.എച്ച്.സി S.O.80/18 481570(മെ.ഫ,ത.ഫ) (2017-18) | 32/17-18 31.03.18 2,28,570/- | 840757 | സുപ്രദാസ് ചന്ദ്രൻ | 22162 (3%) | 25223 | 3061 |
| 3 | ചുമടുതാങ്ങി വട്ടവിള റോഡ്78/18 500000(വി.ഫ) | 23/17-18 16.03.18 3,26,027/- | 479543 | സുപ്രദാസ് ചന്ദ്രൻ | 13041 (4%) | 19182 | 6141 |
| 4 | ആശാൻ സ്മാരകം കയർ സൊസൈറ്റി സുനാമി റോഡ് 71/18 448572(വി.ഫ) | 22/17-18 16.03.18 4,30,262/- | 448572 | സുപ്രദാസ് ചന്ദ്രൻ | 12908 (3%) | 13547 | 639 |
| 5 | ഉടയാൻകുഴി കണ്ണേറ്റ് റോഡ് 76/18 | 26/17-18 | 615971 | സുജിത് ലാൽ എസ് | 10956 | 12319 | 1363 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 730000(വി.ഫ) | 31.03.2018<br>5,47,814/- | | | (2%) | | |
| 6 | ഭൃതനാഥൻ കാവ് ക്ഷേത്രം റോഡ് 72/18<br>463108(വി.ഫ) | 16/17-18<br>12.01.18<br>4,44,187/- | 463108 | ജയകുമാർ<br>വിളയിൽ കൺസ്ട്രക്ഷൻ | 8884<br>(2%) | 9262 | 378 |
| ആകെ | | | | | | | 12,065/- |

കുറവു വന്ന തുക കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-4 കരാർ ചമക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം, സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14ദിവസത്തിന് ശേഷം കരാർ ചമച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. എന്നാൽ കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായ ചുവടെ പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് അടങ്കൽ തുക, പ്രോജക്ട് നം. | കരാറുകാരൻ | PAC | സെലക്ഷൻ നോട്ടീസ് അയച്ച് തീയതി | കരാർ തീയതി | ഈടാക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | ഭൃതനാഥൻ ക്ഷേത്രം റോഡ് 72/18<br>₹.4,63,108/- | ശ്രീ. വിജയകുമാർ, വിളയിൽ കൺസ്ട്രക്ഷൻസ് | ₹.4,63,108/- | 23.12.2016 | 14.02.17 | ₹.4,631/- |
| 2 | ചേമ്പുംകുഴി അംഗൻവാടി പരത്തൂർ മാടൻനട റോഡ് - 69/18<br>₹.8,00,000/-<br>(വി.ഫ. SCP) | ശ്രീ. അപ്പുക്കുട്ടൻ. പി. | ₹.6,56,226/- | 18.09.2017 | 20.10.17 | ₹.6,562/- |
| ആകെ തുക | | | | | | ₹.11,193/- |

പിഴ കരാറുകാരിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 രജിസ്റ്ററുകൾ തൃപ്തികരമായി പരിപാലിക്കുന്നില്ല

a)ക്യാഷ് ബുക്ക്

ജി.ഒ.(പി)നം.177/2006/ധനം തീ.12.04.2006 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ.7.എ ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്. കാഷ് ബുക്കിലെ

രേഖപ്പെടുത്തൽ നിർവഹണ ഉദ്യോഗസ്ഥൻ അതാത് ദിവസം തന്നെ സാക്ഷ്യപ്പെടുത്തേണ്ടതാണ്. കാഷ് ബുക്കിൽ മാസാന്ത്യ, വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം 2017-18 കാലയളവിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള കാഷ് ബുക്ക് പരിപാലിക്കുന്നുണ്ടെങ്കിലും ആയത് അപൂർണ്ണമാണ്. ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകളൊന്നും തന്നെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത്തരം ന്യൂനതകൾ ഒഴിവാക്കേണ്ടതാണ്.

b)പ്രോജക്റ്റ് രജിസ്റ്റർ

ജി.ഒ.(പി)നം.177/2006/ധനം തീ.12.04.2006 അനക്ഷർ ബി-Vപ്രകാരം 2017-18 ൽ പ്രോജക്റ്റ് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ രേഖപ്പെടുത്തലുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രോജക്റ്റ് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഓ(എം.എസ്) നം.72/2017/lsgd തീയതി 29-03-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കണം. റോഡ് നിർമ്മാണ പ്രോജക്റ്റിനൊപ്പം റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രോജക്റ്റ് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കി അതിൻപ്രകാരം റോഡ് പ്രവൃത്തികൾ നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ആസ്തിരജിസ്റ്റർ പരിപാലനം കാലികമാക്കണം.

1994-ലെ കേ.പ.രാ നിയമം 166(1)വകുപ്പ് 3ാം പട്ടിക പ്രകാരം റോഡുകളും, മറ്റ് പൊതുമുതലുകളും സംരക്ഷിക്കുക എന്നത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം വികേന്ദ്രീകരണാസൂത്രണത്തിലൂടെ പദ്ധതിപ്പണം വിനിയോഗിച്ച് ആസ്തികൾ ആർജിക്കുന്നു. ഇവ യഥാസമയം രേഖപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികളുടെ മൂല്യം കണക്കാക്കി ശരിയായ സാമ്പത്തിക സ്ഥിതി അവലോകനം സാധ്യമാകുകയുള്ളൂ. ആസ്തികളുടെ പരിപാലനവും സംരക്ഷണവും പ്രസ്തുത ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കേണ്ടതുമാണ്. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ആസ്തി രജിസ്റ്റർ അപൂർണ്ണമാണെന്ന് കണ്ടു. 31.03.2014 വരെ ബ്ലോക്ക് പഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ മാത്രമാണ് ആസ്തി രജിസ്റ്ററൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് 2014-15 മുതൽ 2017-18 വരെ 4 സാമ്പത്തിക വർഷങ്ങളിൽ ആർജ്ജിച്ച ആസ്തിവിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/02.02.19),31.03.2014 ന് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-7 സംയുക്ത പ്രോജക്റ്റുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം- വിനിയോഗ സാക്ഷ്യപത്രമില്ല

2017-18 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 6പഞ്ചായത്തുകൾക്ക് സംയുക്ത പ്രോജക്റ്റുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ആകെ 36,51,200/- രൂപയും, ജലശ്രീ സുരക്ഷാപദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് 2,00,000/-രൂപയും ഉൾപ്പെടെ ആകെ 38,51,200/- രൂപ

നല്കിയിട്ടുണ്ട്. ആയതിന് നാളിതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| # | സ്ഥാപനം | 2017-18 ൽ നല്കിയ ആകെ തുക |
|---|---|---|
| | ജില്ലാ പഞ്ചായത്ത് | 2,00,000/- |
| 1 | ചിറയിൻകീഴ് | 11,19,150/- |
| 2 | കടയ്ക്കാവൂർ | 5,73,650/- |
| 3 | വക്കം | 3,06,525/- |
| 4 | അഞ്ചുതെങ്ങ് | 98,400/- |
| 5 | കിഴുവിലം | 9,41,325/- |
| 6 | മുദാക്കൽ | 6,12,150/- |
| ആകെ | | 38,51,200/- |

കൂടാതെ ചെലവാക്കാനവശേഷിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തുകൾ തിരികെ അടക്കുകയോ, തൻവർഷം നിർവഹണം നടത്താൻ കഴിയാത്ത പ്രോജക്ടുകളുടെ ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. (G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017).

2017-18 സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പഞ്ചായത്തുകളുടെ തൻവർഷ വാർഷിക ചെലവ് പത്രിക പരിശോധിച്ചതിൽ നിന്നും ബ്ലോക്ക് വിഹിതമിനത്തിൽ തുക ചെലവഴിക്കാൻ അവശേഷിക്കുന്നു എന്ന് വ്യക്തമാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| # | സ്ഥാപനം | പ്രോജക്റ്റ് | ബ്ലോക്ക് വിഹിതം | തൻവർഷ ചെലവ് | ബാക്കി |
|---|---|---|---|---|---|
| 1 | മുദാക്കൽ ഗ്രാമപഞ്ചായത്ത് | നെൽക്കൃഷി ഒന്നാം വിള | 34,000/- | 0 | 34,000/- |
| | | ജൈവ സമൃദ്ധി | 20,400/- | 0 | 20,400/- |
| 2 | കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് | പാലിന് സബ്സിഡി (വനിത) | 4,00,000/- | 2,00,000/- | 2,00,000/- |

തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി നടപ്പിലാക്കുന്ന സംയുക്തപ്രോജക്ടുകളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള മേൽ ഉത്തരവുകൾ പൂർണമായും പാലിക്കുന്നത് വഴി ഈ അപാകങ്ങൾ ഒഴിവാക്കാവുന്നതാണ്.

## **3-8** <u>നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ വിവരങ്ങൾ ലഭ്യമല്ല</u>

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള ചുവടെ പറയുന്ന പ്രവൃത്തികൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

i)ഐ.കെ.എം-ന് വിഹിതം നല്കൽ

ഇൻഫർമേഷൻ കേരള മിഷന് പ്രവർത്തന ഫണ്ട് വിഹിതം നല്കൽ എന്ന പ്രോജക്റ്റിലേക്കായി (Proj S005/18) വികസനഫണ്ടിൽ നിന്ന് 52,000/-രൂപ ഇൻഫർമേഷൻ കേരളാ മിഷന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (ബിൽ നം/തീയതി: 3/17-18,11.7.2017). പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതു വരെ ലഭ്യമായിട്ടില്ല.

ii) കേരളാ ജലഅതോറിറ്റിയിലെ നിക്ഷേപ പ്രവൃത്തികൾ

2017-18 വർഷം വിവിധ പ്രവൃത്തികൾക്കായി കേരളാ വാട്ടർ അതോറിട്ടി(ആറ്റിങ്ങൽ)യിൽ ഒടുക്കുവരുത്തിയിട്ടുള്ള 2,00,000/- രൂപയിൽ 1,26,734/-രൂപയുടെ വർക്ക് ചെയ്തതിൻ പ്രകാരമുള്ള വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. എന്നാൽ ബാക്കി തുകയായ 73,266/- രൂപ തിരികെ ലഭിച്ചിട്ടില്ല. കൂടാതെ ചുവടെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ്/നം | തുകകൈപ്പറ്റിയ സ്ഥാപനം | തുക | ബിൽനം/തീയതി |
|---|---|---|---|---|
| 1 | 40/18, കായിക്കര-കുടുക്ക് വിളാകം പൈപ്പ് ലൈൻനീട്ടൽ | KWA Attingal | 50,000/- | 10/17-18 12.10.2017 |
| 2 | 41/18,അഞ്ചുതെങ്ങ് വാടയിൽ-ചില്ലക്കാട് പൈപ്പ് ലൈൻനീട്ടൽ | ,, | 50,000/- | 12/17-18 12.10.2017 |
| 3 | 42/18,അഞ്ചുതെങ്ങ്-കുരിശ്പറമ്പ് പൈപ്പ് ലൈൻനീട്ടൽ | ,, | 50,000/- | 14/17-18 12.10.2017 |
| 4 | 43/18,ചിറയിൻകീഴ്-അരയതുരുത്തി-പിന്നയ്ക്കാത്തോപ്പ് പൈപ്പ് ലൈൻനീട്ടൽ | ,, | 1,00,000/- | 13/17-18 21.10.2017 |
| ആകെ | | | 2,50,000/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/24.1.2019 ന് പ്രവർത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും, പണികൾ പൂർത്തിയായ ശേഷം തിരികെ ലഭിക്കാനുള്ള തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-9 ബ്ലോക്ക് ഓഫീസിന് സൗരോർജ്ജ പാനൽ - പദ്ധതി ലക്ഷ്യം അകലെ

i)ചെലവ് തുകയായ 7,22,625/-തടസ്സപ്പെടുത്തുന്നു.

വൈദ്യുതിക്ഷാമം പരിഹരിക്കുക, ISOസർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതി അംഗീകാരവും, 30.5.17 ലെ 1(5) തീരുമാന പ്രകാരം ഭരണാനുമതിയും നേടി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 10കിലോ വാട്ടിന്റെ ongrid roof top solar power plant, കെൽട്രോണിൽ നിന്ന് വാങ്ങി പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. സോളാർ പവർ പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമാണെന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ടെങ്കിലും, പവർ പ്ലാന്റിൽ നിന്നുള്ള വൈദ്യുതി ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നില്ല. പ്ലാന്റിൽ നിന്നുമുള്ള വൈദ്യുതിയുടെ ലഭ്യത, ഉപഭോഗം, എന്നിവയിൽ അവ്യക്തത നിലനില്ക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം | പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നം/ തീയതി |
|---|---|---|---|---|---|
| 16/18 | ബ്ലോക്ക് ഓഫീസിന് സൗരോർജ്ജ പാനൽ | വികസന ഫണ്ട് | 8,50,000/- | 7,22,625/- | 24/17-18 6.11.2017 47/17-18 27.3.2018 |
| നിർവ്വഹണം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി<br>സ്റ്റാന്റിംഗ് കമ്മിറ്റി - വികസനകാര്യം | | | | | |

പദ്ധതി നിർവ്വഹണം അപാകതകൾ

മേൽപ്പറഞ്ഞപ്രകാരമുള്ള വൈദ്യുത ഉൽപാദന നിലയങ്ങൾ (ongrid roof top solar power plant) ബാറ്ററി ബാക്ക് അപ്പ് ഇല്ലാതെ വൈദ്യുത ശൃംഖലാബന്ധിതമായി പ്രവർത്തിക്കുന്നവയും, ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉണഭോക്താവിന് നേരിട്ട് ഉപയോഗിക്കുകയും അധികമുള്ളത് "നെറ്റ് മീറ്ററിംഗ്"സംവിധാനം വഴി KSEBയുടെ വൈദ്യുതി വിതരണ ശൃംഖലയിലേക്ക് നല്കുകയും ചെയ്യാവുന്നതാണ്. ഉൽപാദിപ്പിക്കപ്പെടുന്ന സൗരവൈദ്യുതി അളക്കുന്നതിനുള്ള എനർജി മീറ്ററും, വിതരണ ശൃംഖലയിലേക്ക് പ്രവഹിപ്പിക്കുന്നതും, ശൃംഖലയിൽ നിന്ന് തിരികെ എടുത്ത് ഉപയോഗിക്കുന്നതുമായ വൈദ്യുതിയുടെ അളവുകൾ കണ്ടെത്തുന്നതിനുള്ള നെറ്റ് മീറ്ററിംഗ് സൗകര്യമുള്ള എനർജിമീറ്റർ എന്നിവ സ്ഥാപിക്കുന്നതു വഴി ഇത് സാദ്ധ്യമാകുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് ഈ പ്രോജക്ട് മുഖാന്തിരം വൈദ്യുതി ലഭ്യമാകുന്നില്ല എന്ന് മാത്രമല്ല വൈദ്യുതി ചാർജ്ജ് അടക്കുന്നുമുണ്ട്. പ്ലാന്റ് എന്ന് മുതൽ പ്രവർത്തനം ആരംഭിച്ചു, ശരാശരി എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ട്, KSEBയുമായുള്ള കരാർ എപ്രകാരമാണ്, ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് KSEB നിരക്ക് നിശ്ചയിച്ച് നല്കിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളൊന്നും സ്ഥാപനം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.16/20.01.2019). പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യപ്രാപ്തി കൈവരിച്ചോ എന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ അതുൾപ്പെടുന്ന വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ശ്രദ്ധിച്ചിട്ടില്ല.

പ്രസ്തുത സോളാർ പ്ലാന്റ് മുഖാന്തിരം ലഭ്യമാകുന്ന വൈദ്യുതി ഉപയോഗിക്കുന്നതു സംബന്ധിച്ച് KSEBയുമായി ധാരണയിലെത്തേണ്ടതും, പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ പ്രസ്തുത പ്രോജക്ടിന്റെ ചെലവ് തുകയായ7,22,625/-രൂ തടസ്സത്തിൽ വയ്ക്കുന്നു.

ii)പദ്ധതി നിർവ്വഹണം- അപാകതകൾ

മേൽ പ്രോജക്ടിലേക്കായി കെൽട്രോൺ, IGATech, ഭാരത് സേവക് സമാജ്(BSS)എന്നീസ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച എസ്റ്റിമേറ്റുകളിൽനിന്ന് കെൽട്രോണിനെ തെരഞ്ഞെടുക്കുകയും (19.10.2017ലെ പർച്ചെയ്സ് കമ്മിറ്റി തീരുമാനം), ക്വാട്ട് ചെയ്ത 8,95,000/-

രൂപയിൽ 49,750/-രൂപയുടെ ഡിസ്കൗണ്ട് കഴിച്ച് "10KWp Ongrid roof top solar power plant" 8,45,250/-രൂപക്ക് വാങ്ങുന്നതിന് 8.11.2017ലെ BP2/1109/17/CKL പ്രകാരം കെൽട്രോണിന് വർക്ക് ഓർഡർ നല്കുകയും കെൽട്രോണുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. എസ്റ്റിമേറ്റ് തുകയുടെ 50% ആയ 4,22,625/-മുൻകൂറായും, പ്രോജക്റ്റിന്റെ 80%പൂർത്തീകരിച്ചതായി ആറ്റിങ്ങൽ പോളിടെക്നിക്ക് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡെമോൺസ്റ്റേറ്റർ ശ്രീ. അജയകുമാർ നല്കിയ ടെക്നിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 3,00,000/-രൂപ അടക്കം ആകെ 7,22,625/- രൂപ 2017-18 വർഷം കെൽട്രോണിന് നല്കിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക ഏജൻസിയെ തെരഞ്ഞെടുത്ത ശേഷം, സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥല പരിശോധന നടത്തി, സാദ്ധ്യതാ റിപ്പോർട്ട് (Feasibility study), DPR (Detailed Project Report) എന്നിവ തയ്യാറാക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള രേഖകൾ ലഭ്യമല്ല.

2) ഇപ്രകാരം സ്ഥാപിക്കുന്ന സോളാർ വൈദ്യുത നിലയങ്ങൾ ശരിയായി സൂക്ഷിക്കുകയും, ആവശ്യാനുസരണം അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗക്ഷമമാക്കുകയും വേണം. എന്നാൽ പ്രോജക്റ്റിന്റെ തുടർ നടത്തിപ്പ് , സംരക്ഷണപ്രവർത്തനങ്ങൾ എന്നിവ കെൽട്രോണിന്റെ ചുമതലയിൽ ഉൾപ്പെട്ടിട്ടുള്ളതായി കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. അപ്രകാരമുള്ള മെയിന്റനൻസ്/സർവീസ് ജോലികൾ സംബന്ധിച്ച് സ്ഥാപനത്തിന് വ്യക്തമായ ധാരണ ഇല്ല.

3) GO(P) N0.49/2013/PD dated 25.11.2013 പ്രകാരമുള്ള കേരളാ സോളാർ എനർജി പോളിസി-2013 ൽ പരാമർശിച്ചിട്ടുള്ള പ്രകാരം സംസ്ഥാനത്തെ Non conventional energy nodal agency യായ ANERT ൽ നിന്ന് മേൽ പ്രോജക്റ്റിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

4) പൊതുമേഖലാ സ്ഥാപനങ്ങൾ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ സാധനങ്ങളുടെ വില നിലവിലെ കമ്പോളവിലയിൽ അധികരിക്കുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തി നല്കേണ്ടതാണ് എന്ന് സർക്കാർ ഉത്തരവ് GO(P) No.01/2017/SPD dated 13.3.2017 ൽ നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം പ്രസ്തുത സാക്ഷ്യപത്രം കെൽട്രോണിൽ നിന്ന് ലഭിച്ചിട്ടില്ല.

5) പ്രോജക്റ്റിന്റെ installation/commissioning ന്റെ stagewise monitoring നടത്തേണ്ട ചുമതല ആരാണ് നിർവഹിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല.
സോളാർ പവർ പ്ലാന്റിന്റെ തുടർസംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതുണ്ട്.

## **3-10** <u>പ്ലാസ്റ്റിക്ക് മാലിന്യ നിർമാർജ്ജനം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല - വികസനഫണ്ട് നഷ്ടമായി</u>

പ്രോജക്ട് നമ്പർ - S0010/18

പ്രോജക്ടിന്റെ പേര് - പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം

ആകെ അടങ്കൽ - 30,91,891/-

(വി.ഫ 27,97,991+തനത്2,93,900)

നിർവ്വഹണം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

പ്ലാസ്റ്റിക്ക് മാലിന്യ നിർമാർജ്ജനത്തിനായി ഒരു മാലിന്യ സംസ്കരണ പ്ലാന്റ് നിർമിക്കുന്നതിന് 2017-ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ടി പ്രോജക്ട് ഒരു സ്പിൽ ഓവർ പ്രോജക്റ്റ് ആയി നടപ്പിലാക്കാൻ

2017-18-ൽ (SO10/18) അംഗീകാരം വാങ്ങിയെങ്കിലും തൻവർഷവും പദ്ധതി നടപ്പായില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 6 ഗ്രാമപഞ്ചായത്തുകളിലെയും പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് പ്ലാസ്റ്റിക്ക് റിസൈക്ലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിലേക്കായാണ് പ്രസ്തുത പ്രോജക്ട് തയ്യാറാക്കിയിരുന്നത്. പ്രോജക്റ്റ് നടപ്പാക്കാൻ കഴിയാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ 14/30.1.2019 നം ഓഡിറ്റ് അന്വേഷണത്തിന് പ്രാരംഭ ഘട്ടത്തിൽത്തന്നെ പദ്ധതിക്കെതിരെ വമ്പിച്ച ജനകീയ പ്രക്ഷോഭം നടക്കുകയും, അപ്രകാരം ജനങ്ങളുടെ എതിർപ്പിനെ തുടർന്നാണ് പദ്ധതി ഉപേക്ഷിക്കേണ്ടതായി വന്നതെന്നും മറുപടി നല്കിയിട്ടുണ്ട്.

2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.3.1 ലും ഈ വിഷയം പരാമർശിച്ചിട്ടുണ്ട്. പ്രദേശവാസികളിൽ നിന്നും എതിർപ്പ് വന്നതിനാലാണ് 2016-17 വർഷം മേൽ പ്രോജക്റ്റ് നടപ്പിലാക്കാൻ സാധിക്കാത്തത് എന്നും, പ്രോജക്റ്റിന് വേണ്ടി അനുയോജ്യമായ ഭൂമി കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായും മറുപടിയിൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ തൻവർഷം ബ്ലോക്ക് പഞ്ചായത്ത് നടത്തിയിട്ടില്ല.

ഒരു പ്രോജക്റ്റിന്റെ യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, അതുൾപ്പെടുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ചുമതലയാണ് (9.1.2017 ലെ സ.ഉ(എം.എസ്)10/2017/ത.സ്വ.ഭ.വ, 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ). മേൽ ഉത്തരവുകളിലെ സർക്കാർ നിർദ്ദേശം പൂർണമായി പാലിക്കാതെയുള്ള പദ്ധതി ആസൂത്രണം മൂലം സ്ഥാപനത്തിന് വികസനഫണ്ട് നഷ്ടമാകുന്നു. ഭാവിയിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## 3-11 താലൂക്ക് ആശുപത്രി- വൈദ്യുത ചാർജ്ജിനത്തിൽ ഭീമമായ കുടിശ്ശിക

പ്രോജക്ട് നം - SO024/18

പ്രോജക്ടിന്റെ പേര് - ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ

അടങ്കൽ തുക - 20,00,000/- (മെയി.നോൺ റോഡ്)

ചെലവ് - 20,00,000/-

നിർവ്വഹണം - മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി

മേൽ പ്രോജക്ട് പ്രകാരം ചിറയിൻകീഴ് ആശുപത്രിയിലെ വൈദ്യുത ചാർജ്ജിനത്തിൽ 12,50,701/-രൂപ (ബിൽ നം.01/17-18തീ.13.09.2017) കെ.എസ്.ഇ.ബി.യിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. ആശുപത്രിയിലെ 3 കൺസ്യൂമർ നമ്പരുകളിലായി ഒടുക്കിയ 12,50,701/- രൂപയിൽ 3,54,300/- രൂപയും പിഴപ്പലിശ ഇനത്തിലാണ് ഒടുക്കു വരുത്തിയിട്ടുള്ളത്. കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയറുടെ 22.09.2017-ലെ കത്ത് പ്രകാരം (Lr.No.BB-CHL/GB Arrears/Govt.Hospital-Chirayinkeezhu /2017-18/44 dtd. 22.09.2017)20.09.2017 വരെ ചിറയിൻകീഴ് ആശുപത്രിയുടെ കറന്റ് ചാർജ്ജിനത്തിൽ പിഴപ്പലിശയടക്കം 17,81,434/-രൂപ ഒടുക്കേണ്ടതുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കൺസ്യൂമർ നം | 2017-18വർഷം (13.09.2017) വൈദ്യുത ചാർജ്ജ് ഇനത്തിൽ | പിഴയിനത്തിൽ ഒടുക്കിയ തുക (Belated fee) | 20.09.2017വരെ ഒടുക്കാനുള്ള കുടിശ്ശിക തുക (പിഴപ്പലിശയടക്കം) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | ഒടുക്കിയ തുക | | |
| 1 | 636 | - | - | 24,778/- |
| 2 | 965 | - | - | 1,31,727/- |
| 3 | 2843 | - | - | 17,801/- |
| 4 | 3697 | - | - | 46,349/- |
| 5 | 10142 | - | - | 4,063/- |
| 6 | 5103 | - | - | 34,697/- |
| 7 | 17588 | - | - | 2,42,827/- |
| 8 | 11423 | 6,00,000/- | 135/- | 5,441/- |
| 9 | 9223 | - | - | 16,476/- |
| 10 | 2364 | - | - | 94,798/- |
| 11 | 6891 | - | - | 2,53,414/- |
| 12 | 10590 | - | - | 1,48,609/- |
| 13 | 17974 | 1,50,701/- | 32,347/- | 2,79,917/- |
| 14 | 18087 | 5,00,000/- | 3,21,818/- | 1,88,367/- |
| 15 | 18265 | - | - | 48,333/- |
| 16 | 8407 | - | - | 2,43,841/- |
| ആകെ | | 12,50,701/- | 3,54,300/- | 17,81,438/- |

സ.ഉ.(എം.എസ്)നം.80/2017/തസ്വഭവ തീ.03.04.2017 പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള ആവശ്യകത പട്ടിക തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും ആവശ്യകത പരിഗണിച്ച് സ്ഥാപന മേധാവികൾക്ക് തുക അനുവദിക്കേണ്ടതുമാണ്. എന്നാൽ ചിറയിൻകീഴ് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ വൈദ്യുത ചാർജ്ജിനത്തിൽ ഒടുക്കേണ്ട കുടിശ്ശിക ഉൾപ്പെടെയുള്ള കണ്ടിജന്റ് ചെലവുകളുടെ ആവശ്യകത പട്ടിക തയ്യാറാക്കി

ബ്ലോക്ക്പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. കൂടാതെ ബ്ലോക്ക് പഞ്ചായത്തിലെ ബജറ്റ്, പ്രോജക്ട് രൂപീകരണ വേളകളിലും വൈദ്യുത ചാർജ്ജിനത്തിൽ മതിയായ തുക വകയിരുത്തിയില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ വൈദ്യുതചാർജ്ജിനത്തിൽ കുടിശ്ശിക ഒടുക്കുന്നത് സംബന്ധിച്ച് കമ്മിറ്റിയിൽ യാതൊരു തീരുമാനവും നാളിതുവരെ സ്വീകരിച്ചിട്ടില്ല. ചിറയിൻകീഴ് ആശുപത്രിയിലെ കണ്ടിജന്റ് ചിലവുകളുടെ മേൽ നോട്ടത്തിനായി ചുമതലപ്പെടുത്തിയ ആരോഗ്യം വർക്കിംഗ് ഗ്രൂപ്പും മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/30.01.2019-ന് മറുപടി ലഭ്യമായില്ല. വൈദ്യുത ചാർജ്ജ് സമയബന്ധതമായി ഒടുക്ക് വരുത്തുന്നതിനും നാളിതുവരെയുള്ള കുടിശ്ശിക പൂർണ്ണമായും ഒടുക്ക് വരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ സത്വരശ്രദ്ധ അനിവാര്യമാണ്.

## 3-12 ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

I)പ്രോജക്ട് നം - SO020/18

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ വിതരണം

അടങ്കൽ തുക - 9,80,000/- (വികസന ഫണ്ട്.ജനറൽ)

ചെലവ് - 9,75,000/-

നിർവ്വഹണം - സി.ഡി.പി.ഒ

ബിൽ നം .തീ - 03/17-18 തീ.23.03.2018

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 6 ഗ്രാമപഞ്ചായത്തുകളിലെ ഭിന്നശേഷിക്കാർക്ക് സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ മുഖേന ട്രൈസ്കൂട്ടർ വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. വിവിധ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും തെരെഞ്ഞെടുത്ത താഴെപ്പറയുന്ന 15 വ്യക്തികൾക്ക് ഓരോ വ്യക്തിക്കും 65,000/-രൂപ വിലയുള്ള സ്കൂട്ടർ വാങ്ങി നൽകിയിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിലാസം |
|---|---|---|
| 1 | ഷൈന. വി.എസ്. | തെക്കുംകര വീട്, പൊയ്കമുക്ക് |
| 2 | സത്യകുമാർ | സരിത നിവാസ്, നെടുങ്ങണ്ട |
| 3 | മാളു. എ. | കിഴക്കേ പട്ടം, കായിക്കര |
| 4 | ഷൈനി. ഇ. | കൊച്ചു കിണറ്റിൻമൂട്, അഞ്ചുതെങ്ങ് |
| 5 | സിന്ധു | വടക്കേവീട്, മണ്ണാത്തിമൂല |
| 6 | സ്മിത | തിരുവോണം, പാണന്റമുക്ക് |
| 7 | വിമൽരാജ് | വിഷ്ണു നിവാസ്, കടുവയിൽ |
| 8 | ഓമനകുമാരി | ഉത്രട്ടാതി, വെള്ളൂർക്കോണം |
| 9 | സുനി. ആർ | സുനി വിലാസം, അവനവഞ്ചേരി |

| | | |
|---|---|---|
| 10 | പുഷ്പകുമാർ | അക്ഷയഭവൻ, കോള്ളർ |
| 11 | ഷീല. ജി. | മണലിവിള വീട്, പുതുക്കരി |
| 12 | ചന്ദ്രപ്രഭ | ചെട്ടിത്തൊടിവീട്, വക്കം |
| 13 | വീരസേനൻ | ചിത്തിര ഭവൻ, വക്കം |
| 14 | ആതിര | പുത്തൻമണ്ണ്, അഞ്ചുതെങ്ങ് |
| 15 | പ്രസന്നൻ | തെറ്റിവിള, തെക്കുംഭാഗം |

ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

a)ഗുണഭോക്താക്കൾക്കായി കെൽട്രോണിൽ നിന്നും ടെൻഡർ കൂടാതെ നേരിട്ടാണ് ട്രൈസ്കൂട്ടർ(TVS-pep,90CC) വാങ്ങി നൽകിയിരിക്കുന്നത്. സ.ഉ.(സാധ)3299/2016/തസ്വഭവ തീ.02.12.2016 പ്രകാരം സർക്കാർ, അർദ്ധസർക്കാർ, ഗവ.അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സാധന സാമഗ്രികൾ വാങ്ങുമ്പോൾ, സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾക്ക് മാത്രമാണ് ടെൻഡർ ഒഴിവാക്കിയിട്ടുള്ളത്. അല്ലാത്തവ നിർബന്ധമായും പരസ്യ ടെൻഡർ മുഖേന വാങ്ങണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

b) ബ്ലോക്ക്പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം (09.05.2018 ലെ കരാർ) ഗുണഭോക്താക്കൾ മൂന്ന് മാസത്തിനുള്ളിൽ ട്രൈസ്കൂട്ടർ ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ് എടുക്കുകയും ലൈസൻസിന്റെയും വാഹനത്തിന്റെ ആർ.സി ബുക്കിന്റെയും പകർപ്പുകൾ പഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിർവഹണോദ്യോഗസ്ഥൻ മേൽ രേഖകൾ ഗുണഭോക്താക്കളിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല

c)ഗുണഭോക്താക്കൾക്ക് ട്രൈസ്കൂട്ടർ വിതരണം നടത്തിയിട്ടുള്ളത് 09.05.2018- ലാണ്. എന്നാൽ ആനുകൂല്യം കൈപ്പറ്റുമ്പോൾ ലേണേഴ്സ് ലൈസൻസ് സമർപ്പിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ലേണേഴ്സ് ലൈസൻസിന്റെ കാലാവധി അവസാനിച്ചിരുന്നതായി കാണുന്നു.

| ക്രമ നം | പേര് | ലേണേഴ്സ് ലൈസൻസിന്റെ കാലാവധി |
|---|---|---|
| 1 | ഷൈന, തെക്കും കരവീട്, പൊയ്കമുക്ക് | 08.09.2017 വരെ |
| 2 | പുഷ്പകുമാർ, അക്ഷയഭവൻ, പോള്ളർ | 22.09.2017 വരെ |
| 3 | സത്യകമാർ, സരിതാ നിവാസ്, നെടുങ്ങണ്ട | 17.02.2018 വരെ |
| 4 | ഷൈനി.ഇ,<br>കൊച്ചു കിണറ്റിൻമൂട്, അഞ്ചുതെങ്ങ് | 18.04.2018 വരെ |
| 5 | സിന്ധു, വടക്കേവീട്, മണ്ണാത്തിമൂല | 02.05.2018 വരെ |

II)പ്രോജക്ട് നം - SO021/18

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ വിതരണം(എസ്.സി.പി)

അടങ്കൽ തുക - 74,000/- (വികസന ഫണ്ട്.എസ്.സി.പി)

ചെലവ് - 65,000/-

നിർവ്വഹണം - സി.ഡി.പി.ഒ.

ബിൽ നം.തീ - 04/17-18 തീ.23.03.2018

a)ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള ഒരാൾക്ക് സ്കൂട്ടർ വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ശ്രീമതി. ലേഖ. ആർ, ചാത്തന്റെ വീട് മണക്കാട്, വക്കം, എന്ന വ്യക്തിക്കാണ് പദ്ധതിപ്രകാരം 65,000/-രൂപ വിലയുള്ള ട്രൈസ്കൂട്ടർ വാങ്ങി നൽകിയിട്ടുള്ളത്. സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ മുഖേന ട്രൈസ്കൂട്ടർ വാങ്ങി നൽകുന്നതിനാണ് പദ്ധതി അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ കെൽട്രോണിൽ നിന്നും പരസ്യ ടെൻഡർ കൂടാതെ നേരിട്ടാണ് സ്കൂട്ടർ(TVS -pep,90CC) വാങ്ങിയിരിക്കുന്നത്. .

b)പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി.ലേഖ.ആർ, തിട്ടയിൽ വീട്, കടകം എന്ന വ്യക്തി സമർപ്പിച്ച ലേണേഴ്സ് ലൈസൻസിന്റെ കാലാവധി 25.04.2018 വരെയാണ്. എന്നാൽ സ്കൂട്ടർ വിതരണം നടത്തിയിട്ടുള്ളത് 09.05.2018- ലാണ്. ഗുണഭോക്താവ് ബ്ലോക്ക്പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം (09.05.2018 ലെ കരാർ) മൂന്ന് മാസത്തിനുള്ളിൽ ട്രൈസ്കൂട്ടർ ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ് എടുക്കുകയും ലൈസൻസിന്റെയും വാഹനത്തിന്റെ ആർ.സി ബുക്കിന്റെയും പകർപ്പുകൾ പഞ്ചായത്തിൽ സമർപ്പിക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിർവഹണോദ്യോഗസ്ഥൻ മേൽ രേഖകൾ ഗുണഭോക്താവിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. കൂടാതെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മേൽ വിഷയം പരിശോധിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തുകയോ, മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ഡ്രൈവിംഗ് ലൈസൻസിന്റെയും ലേണേഴ്സ് ലൈസൻസിന്റെയും അഭാവത്തിൽ ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിതരണം ചെയ്തത് ക്രമവിരുദ്ധമാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/01.02.2019 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭിക്കാത്തതിനാൽ 10,40,000/- രൂപ (975000+65000) ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-13 ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ - രേഖകൾ ഹാജരാക്കിയില്ല. 2,07,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - SO011/18

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ വിതരണം (സ്പിൽ ഓവർ പ്രോജക്ട്)

അടങ്കൽ തുക - 2,53,000/- (വികസന ഫണ്ട് – ജനറൽ)

ചെലവ് - 2,07,000/-

നിർവ്വഹണം - സി.ഡി.പി.ഒ,

ബിൽ നം .തീ - 01/17-18 തീ.11.07.2017

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 6 ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ വാങ്ങി നൽകുന്നതിനാണ് (സപിൽ ഓവർ) പദ്ധതി വിഭാവനം ചെയ്തത്. താഴെപ്പറയുന്ന 3 വ്യക്തികൾക്കാണ് പദ്ധതി 69,000/-രൂപ വിലയുള്ള സ്കൂട്ടർ വാങ്ങി നൽകിയിരിക്കുന്നത്.

| ക്രമ നം. | പേര് | വിലാസം |
|---|---|---|
| 1 | മഹേഷ് | ചരുവിള വീട്, കീഴാറ്റിങ്ങൽ, ആറ്റിങ്ങൽ |
| 2 | ബിജു. എം.ആർ. | മീനു സദനം, പറയത്തുകോണം, കിഴവിലം |

| | | |
|---|---|---|
| 3 | ഉദയകുമാർ. എസ്. | ഉണ്ടത്തിൽ വീട്, മൂലേത്തടം, കായിക്കര |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

a)പദ്ധതിയുടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

b) കെ.സിസ് മോട്ടോഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് പ്രോജക് പ്രകാരമുള്ള ട്രൈസ്കൂട്ടർ വാങ്ങിയിട്ടുള്ളത്. (ഇൻവോയ്സ് നം.412/24.06.2017). എന്നാൽ സ്കൂട്ടർ വാങ്ങിയതിനായി ടെൻഡർ നടപ്പാക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

c)പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ.മഹേഷ്, ചരുവിള വീട്, കീഴാറ്റിങ്ങൽ എന്ന വ്യക്തി സമർപ്പിച്ച ലേണേഴ്സ് ലൈസൻസിന്റെ കാലാവധി 02.10.2017 വരെയാണ്. ബ്ലോക്ക് പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം (31.03.2017 ലെ കരാർ) മൂന്ന് മാസത്തിനുള്ളിൽ ട്രൈസ്കൂട്ടർ ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ് എടുക്കുകയും പകർപ്പ് പഞ്ചായത്തിൽ സമർപ്പിക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിർവഹണോദ്യോഗസ്ഥൻ മേൽ രേഖകൾ ഗുണഭോക്താവിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/01.02.2019 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭിക്കാത്തതിനാൽ 2,07,000 /- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-14 പാലിയേറ്റീവ് പരിചരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം - SO026/18

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് പരിചരണം

അടങ്കൽ തുക - 10,00,000/-

ചെലവ് - 7,61,625/-

ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

a) ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലേയ്ക്ക് സർക്കാർ ഓട്ടോണമെസ് സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ കൂടാതെ പേഷ്യന്റ് ട്രോളി വാങ്ങുന്നതിനാണ് മേൽ പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ക്വട്ടേഷൻ മുഖേന ന്യൂ ഹൈടെക് എഞ്ചിനീയറിംഗ് വർക്ക്സ് എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നു (ബിൽ നം.07/17-18 തീ.15.12.2017, 42,000/- രൂപ)മാണ് പേഷ്യന്റ് ട്രോളി വാങ്ങിയിരിക്കുന്നത്.

b)പാലിയേറ്റീവ് കെയർ ട്രെയിനിംഗ് പ്രോഗ്രാം നടപ്പാക്കുന്നതിനായി ബിൽ നം.24/17-18തീ.31.03.2018 പ്രകാരം 9,895/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

c)പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് അമൃത് ഫാർമസി എന്ന സ്ഥാപനത്തിന് ബിൽ നം.06/17-18.തീ.15.02.17 പ്രകാരം 4,27,967/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക ഹാജരാക്കിയിട്ടില്ല.

d)പ്രോജക്ടിൽ ബിൽ നം.15/17-18. തീ.23.03.18, 5,500/-രൂപ, ബിൽ നം.16/17-18.തീ.23.03.18,

3,000/- രൂപ എന്നീ ക്രമത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/30.01.2019 ന് മറുപടി ലഭ്യമായില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 4,46,362/- രൂപ(9895+427967+5500+3000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കാനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-15 സി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

പ്രോജക്ട് നം - SO018/18

പ്രോജക്ടിന്റെ പേര് - സർക്കാർ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക - 5,00,000/-

ചെലവ് - 5,00,000/-

നിർവ്വഹണം - മെഡിക്കൽ ഓഫീസർ സി.എച്ച്.സി.

അഞ്ചുതെങ്ങ് സി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് താഴെപ്പറയുംവിധം തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം.തീ | അനുവദിച്ച തുക | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാനുള്ളത് |
|---|---|---|---|---|
| 1 | 02/17-18/ 18.09.17 | 67,506/- | 8,874/- | 58,632/- |
| 2 | 03/17-18/ 04.10.17 | 1,00,000/- | 74,546/- | 25,454/- |
| 3 | 06/17-18/ 27.12.17 | 2,32,494/- | 2,21,735/- | 10,759/- |
| 4 | 08/17-18/ 28.03.17 | 1,00,000/- | 76,109/- | 23,891/- |
| | ആകെ | 5,00,000/- | 3,81,264/- | 1,18,736/- |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അനുവദിച്ച 5,00,000/-രൂപയിൽ 1,18,736/-രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.08/28.01.2019 ന് ലഭിച്ച മറുപടിയിൽ ബാക്കിയുള്ള തുകയ്ക്ക് മരുന്നുകൾ ലഭ്യമാക്കാമെന്ന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും അറിയിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ബാക്കി മരുന്നുകൾ ലഭ്യമാക്കുകയോ, 1,18,736/- രൂപ തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-16 ചിറയിൻകീഴ് ആശുപത്രിക്ക് മരുന്നുവാങ്ങൽ-പദ്ധതി നടത്തിപ്പിലെ

## അപാകതകൾ

പ്രോജക്ട് നം - SO025/18

പ്രോജക്ടിന്റെ പേര് - ചിറയിൻകീഴ് ആശുപത്രിക്ക് മരുന്ന വാങ്ങൽ

അടങ്കൽ തുക - 5,00,000/-

ചെലവ് - 4,99,832/-

നിർവ്വഹണം - മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി

ബിൽ നം.തീ - 14/17-18, 29.02.2018 , 2,77,048/- രൂപ

19/17-18, 23.03.2018, 2,22,784/- രൂപ

ചിറയിൻകീഴ് ആശുപത്രിയിലേയ്ക്ക് സർക്കാർ ഓട്ടോണമെസ് സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ കൂടാതെ നേരിട്ട് മരുന്ന വാങ്ങുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ പ്രോജക്ടിന് വിരുദ്ധമായി 'ടെൻഡർ ക്ഷണിച്ചുകൊണ്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് മുഴുവൻ മരുന്നുകളും വാങ്ങിയിട്ടുള്ളത്. മരുന്നുകൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നൽകിയ മെഡിസിൻ സപ്ളൈ ഉത്തരവിൽ (നം.എ1-4651/17/താ.ആ.ആ.ചി തീ.17.01.2018) മരുന്നുകൾക്ക് ഒരു വർഷത്തിൽ കുറയാത്ത ലൈഫ് പിരീഡ് ഉണ്ടായിരിക്കണമെന്ന് ചിറയിൻകീഴ് താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട് നിർദ്ദശിച്ചിരുന്നു. എന്നാൽ മരുന്നുകൾ നൽകിയ സൗത്ത് എൻഡ് ട്രേഡ് ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പ്രകാരം (നം.1700073008872.തീ.06.02.2018) താഴെപ്പറയുന്ന മരുന്നുകളുടെ ലൈഫ് പിരീഡ് ഒരുവർഷത്തിൽ കുറവാണ്.

| ക്രമ നം | മരുന്നിന്റെ പേര് | മരുന്നിന്റെ കാലാവധി |
|---|---|---|
| 1 | Cefaperazone + sulbactum inj 1.5 gm | 07/2018 വരെ |
| 2 | Amoxicillin+Pottassium clavulanate inj 1.2 gm | 10/2018 വരെ |

മേൽ മരുന്നുകൾ 06.02.2018ലാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത്. ഒരു വർഷത്തിൽ കുറയാത്ത ലൈഫ് പീരീഡ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ ലംഘിച്ചുകൊണ്ട് മരുന്നുകൾ സ്വീകരിച്ചത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തെ വീഴ്ചയാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/30.01.2019 ന് ലഭിച്ച മറുപടിയിൽ സർക്കാർ സ്ഥാപനത്തിൽ നിന്നും മരുന്നുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാലാണ് ടെൻഡർ ക്ഷണിച്ച് മരുന്നുകൾ വാങ്ങിയതെന്നും കൂടാതെ ഒരുവർഷത്തിൽ കുറയാത്ത ലൈഫ് പിരീഡുള്ള മേൽ മരുന്നുകളുടെ ആവശ്യകത കാരണമാണ് സപ്ലൈചെയ്തപ്പോൾ സ്വീകരിക്കേണ്ടി വന്നതെന്നും ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്.

## 3-17 താലൂക്ക് ആശുപത്രി അടിസ്ഥാന സൗകര്യവികസനം-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - SO094/18

പ്രോജക്ടിന്റെ പേര് - ചിറയിൻകീഴ് താലൂക്ക് ആശുപത്രി അടിസ്ഥാന സൗകര്യവികസനം

അടങ്കൽ തുക - 1,00,000/-

ചെലവ് - 1,00,000/-

നിർവ്വഹണം - സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ചിറയിൻകീഴ്.

ബിൽ നം .തീ - 22/17-18 തീ.28.03.2018 (12,300/-)

25/17-18 തീ.28.03.2018 (87,700/-)

ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ഓഫീസ് ക്യാബിൻ നിർമ്മിക്കുന്നതിനായി 87,700/- രൂപയും, എയർകൂളർ വാങ്ങുന്നതിനായി 12,300/- രൂപയും പ്രോജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓഫീസ് ക്യാബിൻ നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ടെൻഡർ/ ക്വട്ടേഷൻ നടപ്പാക്കിയതിന്റെ വിവരങ്ങളും, എയർകൂളർ വാങ്ങിയതിന്റെ ചെലവ് രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/30.01.2019 ന് ഓഫീസ് ക്യാബിൻ നിർമ്മാണത്തിന് ടെൻഡർ നടപ്പാക്കിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഫൈനൽബിൽ എന്നിവ ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-18** <u>വാട്ടർ ചാർജ്ജ് ഒടുക്കുന്നതിൽ കാലതാമസം- പിഴപ്പലിശ ഒടുക്ക് വരുത്തി</u>

I)പ്രോജക്ട് നം - SO024/18

പ്രോജക്ടിന്റെ പേര് - ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾ

അടങ്കൽ തുക - 20,00,000/- (മെയി.നോൺ റോഡ്)

ചെലവ് - 20,00,000/-

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി

മേൽ പ്രോജക്ട് പ്രകാരം ചിറയിൻകീഴ് ആശുപത്രിയിലെ വാട്ടർ ചാർജ്ജിനത്തിൽ ആകെ 4,96,018/-രൂപ (ബിൽ നം.06/17-18തീ.09.02.2018) കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. ഇതിൽ 11,010/-രൂപ പിഴയിനത്തിലുള്ള തുകയാണ്. 23.11.17-ലെ 44896 -ാം നമ്പർ ബില്ലിൽ കൺസ്യൂമർ നമ്പരും അധീഷണൽ തുകയുടെ വിശദവിവരവും രേഖപ്പെടുത്താത്തിനാൽ പിഴപ്പലിശയുടെ ഒടുക്ക് വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കൺസ്യൂമർ ഐ.ഡി | കെ.ഡബ്യ്യ.എ. ബിൽ നം./തീ. | വാട്ടർ ചാർജ്ജ് ഇനത്തിൽ ഒടുക്കിയ തുക | പിഴയിനത്തിൽ ഒടുക്കിയ തുക |
|---|---|---|---|---|
| 1 | 2172115391 | 31167743/23.11.17 | 1,652/- | 160/- |
| 2 | 2172113993 | 31167746/23.11.17 | 10,231/- | 700/- |
| 3 | 2172104410 | 31167745/23.11.17 | 1,89,421/- | 10,150/- |
| ആകെ | | | | 11,010/- |

II)ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ കാര്യാലയത്തിൽ വാട്ടർ ചാർജ്ജ് ഇനത്തിൽ (കൺസ്യൂമർ

ഐ.ഡി.2172121203)വൗച്ചർ നം.132/17-18, ചെക്ക് നം.2544697/11.01.2018 പ്രകാരം, 25,921/- രൂപ, കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച ബിൽ പ്രകാരം (ബിൽ നം.29130612 തീ.14.09.2017) 1,382/-രൂപ പിഴ ഇനത്തിലാണ് ഒടുക്ക് വരുത്തിയിരിക്കുന്നത്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ മേൽ വിഷയം സംബന്ധിച്ച് നടപടികൾ സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/30.01.2019, 26/02.02.2019 എന്നിവയുടെ മറുപടി ലഭ്യമാക്കിയില്ല. വാട്ടർ ചാർജ്ജ് സമയബന്ധിതമായി ഒടുക്കുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-19** സ്വയം തൊഴിൽ സംരഭക ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം - SO093/18

പ്രോജക്ടിന്റെ പേര് - സ്വയം തൊഴിൽ സംരഭക ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം

അടങ്കൽ തുക - 20,00,000/-( വികസന ഫണ്ട് ജനറൽ)

ചെലവ് - 1,25,000/-

നിർവ്വഹണം - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ബിൽ നം - 10/17-18 , തീ.08.03.2018

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 8 സ്വയം തൊഴിൽ സംരഭക ഗ്രൂപ്പുകൾക്ക് ബാങ്ക് വായ്പയും പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി കറവപ്പശുക്കളെ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

a)8 സ്വയം തൊഴിൽ സംരഭങ്ങൾക്കായി 20,00,000/- രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിരുന്നത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 6 ഗ്രാമപഞ്ചായത്തുകളിൽ മുദാക്കൽ ഗ്രാമപഞ്ചായത്തിന് കീഴിലെ ഒരു സ്വയം തൊഴിൽ സംരഭത്തിനെ മാത്രമാണ് പദ്ധതി ഗുണഭോക്താവായി തെരെഞ്ഞെടുത്തതും തുക അനുവദിച്ചു നൽകിയതും

b)മേൽ പദ്ധതി വായ്പാ ബന്ധിത പ്രോജക്ടായി വിഭാവനം ചെയ്തതിനാൽ ബാക്ക് എൻഡഡ് സബ്സിഡിയാണ് തുക അനുവദിച്ചു നൽകേണ്ടത്. എന്നാൽ ഇതിന് പകരമായി പദ്ധതിയിലെ ഗുണഭോക്താവായ ശാർക്കരേശ്വരി ഗ്രൂപ്പ് എന്ന സ്വയം തൊഴിൽ സംരഭക ഗ്രൂപ്പിലെ ശ്രീമതി. സരിത.എസ്.എസ്. എന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ബ്ലോക്ക് വിഹിതവും ഗ്രൂപ്പിലെ മറ്റ് അംഗങ്ങളുടെ തുകയും നിക്ഷേപിക്കുകയും പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് പശുക്കളെ നൽകിയ ശ്രീ.ഷെബിൻ.ബി എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തത്.

മേൽ വിഷയങ്ങൽ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/25.01.2019 ന് ലഭിച്ച മറുപടിയിൽ ഒരേയൊരു ഗ്രൂപ്പ് മാത്രമാണ് പദ്ധതി രൂപീകരിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ രേഖകൾ ഹാജരാക്കിയിട്ടുള്ളതെന്നും മുദാക്കൽ ഗ്രാമ പഞ്ചായത്ത് ഒഴികെ മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭിച്ചിട്ടില്ലായിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ബാങ്ക് ലോൺ ലഭ്യമാകാത്തതിനാലാണ് ഗുണഭോക്താക്കളിൽ നിന്നും തുക നേരിട്ട് ഒടുക്കുവരുത്തിയതെന്നും അറിയിച്ചിട്ടുണ്ട്. ഡി.പി.സി. അംഗീകാരത്തിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കിയതും ഗുണഭോക്താക്കളുടെ അഭാവത്തിൽ തുക ചെലവഴിക്കാത്തതും വികസനകാര്യസ്റ്റാൻഡിംഗ്

കമ്മിറ്റിയുടെയുടെ ശ്രദ്ധക്കുറവും പദ്ധതി ആസൂത്രണത്തിലെ പിഴവുമാണ്. പദ്ധതി മാർഗ്ഗരേഖയും സർക്കാർ നിർദ്ദേശങ്ങളും കർശനമായും പാലിച്ചുകൊണ്ട് പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

## **3-20** കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നില്ല.

പ്രോജക്ട് നം - SO017/18

പ്രോജക്ടിന്റെ പേര് - സർക്കാർ ആശുപത്രിക്ക് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ

അടങ്കൽ തുക - 3,00,000/-

ചെലവ് - 2,99,921/-

നിർവ്വഹണം - മെഡിക്കൽ ഓഫീസർ സി.എച്ച്.സി.

മേൽ പ്രോജക്ട് പ്രകാരം അഞ്ചുതെങ്ങ് സി.എച്ച്.സി, യ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ & മെയിന്റനൻസിനും താഴെപ്പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം. തീയതി | ഇനം | തുക |
|---|---|---|
| 07/17-18<br>26.04.17 | Cost of 2Gb ram and service | 2,350/- |
| 82/17-18<br>16.08.17 | Computer accessoris and repair | 5,950/- |
| 166/17-18<br>01.03.18 | Computer accessoris and repair | 4,150/- |
| 185/17-18<br>19.03.18 | Computer accessoris and repair | 8,400/- |

സി.എച്ച്.സി-യിൽ കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്ററും മെയിന്റൻസിന്റെ ഫയലും സൂക്ഷിക്കുന്നില്ല. ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.86/2010/ഫിൻ തീ.24.09.2010 പ്രകാരം കമ്പ്യൂട്ടർ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ്‌വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.09/28.01.2019 ന് ലഭിച്ച മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ അടുത്ത ഓഡിറ്റ് സമയത്ത് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## **3-21** സി.എച്ച്.സിയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ -അധിക തുക അനുവദിച്ചു നൽകി **18,455/-**രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രോജക്ട് നം - SO044/18

പ്രോജക്ടിന്റെ പേര് - അഞ്ചുതെങ്ങ് സി.എച്ച്.സി. -ഉപകരണം വാങ്ങൽ

അടങ്കൽ തുക - 3,00,000/- (വികസന ഫണ്ട് -ജനറൽ)

ചെലവ് - 2,95,803/-

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

ബിൽ നം - 05/17-18 , തീ.10.11.2017 (2,51,362/- രൂപ)

10/17-18 , തീ.08.03.2018 (29,258/- രൂപ)

11/17-18 , തീ.27.03.2018 (15,183/- രൂപ)

അഞ്ചുതെങ്ങ് സി.എച്ച്.സി. യ്ക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയപ്പോൾ താഴെപ്പറയുംവിധം അധികം തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം | ഉപകരണം | പെർഫോമ ഇൻവോയ്സ് പ്രകാരമുള്ള തുക | മുൻകൂർ അനുവദിച്ച തുക | ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ഹെമറ്റോളജി അനൈലസർ | 2,51,362/- (ഇൻവോ.നം.02/2017-18/ 11.10.17) | 2,51,362/- | 2,34,917/- (ഇൻ.നംRD/GST/ 1489/17-18-26.06.18) | 16,445/- |
| 2 | സ്ലീക്ക് റെറ്റിനോസ്കോപ്പ് | 29,258/- (ഇൻ.നം193/2017-18/ 25.01.18) | 29,258/- | 27,248/-(ഇൻ.നംIGIR/ 1718/748-17.03.18) | 2,010/- |
| | ആകെ | | | | 18,455/- |

പെർഫോമ ഇൻവോയ്സിലെ സർവ്വീസ് ടാക്സിന് പകരം ടാക്സ് ഇൻവോയ്സിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയതിനാലാണ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അധികം തുക നൽകിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.08/28.01.2019 ന് ലഭിച്ച മറുപടിയിൽ ബാക്കിയുള്ള തുകയ്ക്ക് മരുന്നുകൾ ലഭ്യമാക്കാമെന്ന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും അറിയിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. അധികം നൽകിയ 18,455/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-22 പദ്ധതി മോണിട്ടറിംഗ് അനിവാര്യം.

2017-18 സാമ്പത്തികവർഷം പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലെ ഖണ്ഡിക 14.6 പ്രകാരം പ്രോജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും, അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. പ്രസ്തുത സമിതികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതുമാണ്. എന്നാൽ തൻവർഷം നടപ്പാക്കിയ പ്രോജക്റ്റുകൾ ഒന്നും അപ്രകാരമുള്ള മോണിറ്ററിംഗ് ചെയ്തിട്ടില്ല (മിനിട്ട്സ്, ഫയൽ പരിശോധന). ഇക്കാര്യം മേൽനോട്ടച്ചുമതലയുള്ള അതത് സ്റ്റാന്റിംഗ്കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

## ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനം/തീയതി | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക | തിരികെ ലഭിക്കാ നുള്ള തുക |
|---|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിട്ടി, ആറ്റിങ്ങൽ | ഇളമ്പ-കമ്പറത്തുകുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ | 9/17-18 13.10.2017 | 1,00,000/- | 1,26,734/-രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. 73,266/-തിരികെ ലഭിക്കാൻ അവശേഷിക്കുന്നു. | | |
| | ജയ്ജവാൻ-ഊളൻ കുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ | 11/17-18 13.10.2017 | 1,00,000/- | | | |
| | കായിക്കര-കുടുക്ക് വിളാകം പൈപ്പ് ലൈൻനീട്ടൽ | 10/17-18 12.10.2017 | 50,000/- | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | | |
| | അഞ്ച്തെങ്ങ് വാടയിൽ-ചില്ലക്കാട് പൈപ്പ് ലൈൻനീട്ടൽ | 12/17-18 12.10.2017 | 50,000/- | | | |
| | അഞ്ച്തെങ്ങ്-കുരിശ്പറമ്പ് പൈപ്പ് ലൈൻനീട്ടൽ | 14/17-18 12.10.2017 | 50,000/- | | | |
| | ചിറയിൻകീഴ്-അരയതുരുത്തി-പിന്നയ്ക്കാത്തോപ്പ് പൈപ്പ് ലൈൻനീട്ടൽ | 13/17-18 21.10.2017 | 1,00,000/- | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഓ(എം.എസ്)/ 1523/10/lsgd തീയതി, 05-05-10 | 5463350 | 1639005 | 546335 | | 1092670 |
| IAY | ജി.ഓ (എം.എസ്)/ നം. 90/13/lsgd തീയതി, 14-08-13 | 7867950 | 4720770 | 786795 | | 3933975 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,31,31,358/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,04,18,490/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 18,455/- |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 25,68,737/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-21 | - | 18,455/- | ഡോ. ശ്യാംജി വോയ്സ്,<br>മെഡിക്കൽ ഓഫീസർ, CHC അഞ്ചുതെങ്ങ് |

*സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 52,750/- | 1) ശ്രീ.ജയകുമാർ, സെക്രട്ടറി – 27,800/-<br>2) ശ്രീ.വിഷ്ണു മോഹൻദേവ്, സെക്രട്ടറി –29,950/- |
| 3-9 | 7,22,625/- | ശ്രീ.വിഷ്ണു മോഹൻദേവ്, സെക്രട്ടറി |
| 3-12 | 10,40,000/- | ശ്രീമതി. സുധാദേവി, CDPO |
| 3-13 | 2,07,000/- | ശ്രീമതി.സജിത.എസ്, CDPO |
| 3-14 | 4,46,362/- | ഡോ.ഷബ്ന, സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി, ചിറയിൻകീഴ് |
| 3-17 | 1,00,000/- | ഡോ.ഷബ്ന, മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി |
| ആകെ | 25,68,737/- | |

*(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>*

ഇല്ല

*(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>*

ഇല്ല

*(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>*

ഇല്ല

## 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | ഖണ്ഡികക ളുടെ എണ്ണം | |
| 1995-96<br>1996-97 | എൽ.എഫ്.റ്റി.ഡി.7 (ബി)202/99 തീയതി: 9.07.99 | 4 | |
| 1997-98 | എൽ.എഫ്.റ്റി.ഡി.7(ബി)702/99 തീയതി: 9.07.99 | 7 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.7(ബി)1780/99 തീയതി: 4.08.2000 | 7 | |
| 99-2000 | എൽ.എഫ്.റ്റി. ഡി.7(എ) 1062/2000 തീയതി.16.05.2001/14.08.2001 | 1 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.7(എ)658/2002 തീയതി. 4.02.2003 | 2 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)1957/05 തീയതി: 5.04.06/7.08.06 | - | |
| 2002-03 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)1957(a)/2005 തീയതി: 8.6.2006 | 1 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)2134/06 തീയതി:25.06.07/7.10.07 | 2 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)2133/2006 തീയതി:26.6.07/7.10.07 | 1 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)477/08 തീയതി:12.08.08/4.09.08 | 1 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)/377/09 തീയതി:4.11.09/11.1.10 | 1 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)689/10 തീയതി:6.12.10/7.2.11 | 1 | |
| 2008-09 | എൽ.എഫ്.റ്റി.ഡി(ബി&ഡി)690/2011 തീയതി:6.02.10/9.02.11 | 3 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)309/12 തീയതി:28.06.12 | 3 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)523/12 തീയതി:28.06.12 | 2 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)1064/13 തീയതി: 25.07.13/3.09.13 | 4 | |

| | | | |
|---|---|---|---|
| 2012-13 | എൽ.എഫ്.റ്റി.ഡി.(ബി&ഡി)/858/14<br>തീയതി: 31.07.14/30.09.14 | 2 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം-ബി&ഡി 258/2016<br>തീയതി. 09-03-16 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം-ബി&ഡി 773/2016<br>തീയതി. 10-06-16 | 3 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം-ബി&ഡി 259/2017<br>തീയതി. 03-02-17 | 11 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി&ഡി.1995/2017<br>തീയതി. 17.10.2017 | | |

ഒപ്പ്

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 4

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

വാർഷിക ധനകാര്യ പത്രിക പരിശോധനാ റിപ്പോർട്ട് ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്